പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3340.

19/06/2019 -ൽ മറുപടിക്ക്

## തൃപ്പൂണിത്തുറ സംസ്കൃത കോളേജ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.സ്വരാജ് | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ)<br><br>(ബി)<br><br>(സി) | തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ;<br><br>ഈ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;<br><br>എന്നത്തേക്ക് ഈ നിർമ്മാണ പ്രവർത്തനങ്ങൾപൂർത്തീകരിക്കാനാകു മെന്ന് അറിയിക്കുമോ? | (എ),<br>(ബി)<br>&<br>(സി) | തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ, കിഫ്ബി ഫണ്ട് ഉപയോഗിച്ച നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് 19-08-2018-ലെ ജി.ഒ (ആർ.ടി) നമ്പർ 1573/2018/ഉ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള SPV ആയി KITE-നെയാണ് ചുമതലപ്പെടുത്തിയിരുന്നത്.<br><br>എന്നാൽ, KIIFB പദ്ധതിയുമായി ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പിലെ ഒട്ടനവധി പ്രവൃത്തികൾക്ക് KITE SPV യായത് കാരണം കോളേജുകളിലെ നിർമ്മാണ പ്രവർത്തന പുരോഗതി മന്ദഗതിയിലാണെന്ന് ബോധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ KIIFB സംബന്ധമായ നിർമ്മാണ നിർവ്വഹണം, KITCO, KSITIL എന്നീ ഏജൻസികളെ കൂടി SPV ആയി നിശ്ചയിച്ച് പദ്ധതികൾ വേഗത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ, 13-03-2019-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ സംസ്കൃത കോളേജ് ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ KIIFB പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവർത്തികളിൽ KSITIL, KITCO, എന്നീ സ്ഥാപനങ്ങളെ കൂടി SPV ആയി നിശ്ചയിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ